**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T 3657

11.12.2018-ൽ മറുപടിക്ക്

## കോന്നി സിവിൽ സർവ്വീസ് അക്കാഡമിയ്ക്ക് കെട്ടിടം

| **ചോദ്യം**<br>ശ്രീ. അടൂർ പ്രകാശ് | | **മറുപടി**<br>ഡോ. കെ. ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
|---|---|---|
| (എ) കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ സിവിൽ സർവ്വീസ് അക്കാഡമിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;<br><br>(ബി) ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള ഫയൽ നടപടികൾ പൂർത്തികരിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>(സി) ഇതിലേയ്ക്ക് ആവശ്യമായ ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ പെന്റിംഗിലാണെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) ആയത് പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ? | (എ), (ബി), (സി) & (ഡി) | പത്തനംതിട്ട ജില്ലയിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ ബ്ലോക്ക് 35-ൽ റീസർവ്വെ നമ്പർ 120/1, 120/2, 120/4 ൽ പ്പെട്ട 0.1619 ഹെക്ടർ സ്ഥലത്തിന്റെ കിഴക്ക് ഭാഗത്തുള്ള 77.76 ആർ സ്ഥലം അനുയോജ്യമാണെന്ന് തഹസീൽദാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്പെടുന്ന ടി സ്ഥലം വാണിജ്യാവശ്യ ത്തിനല്ലാത്തതിനാലും പൊതുകാര്യ പ്രാധാന്യവും വിദ്യാഭ്യാസപരവും ആയ ആവശ്യത്തിനാകയാലും ആർ ഒന്നിന് 100 രൂപ നിരക്കിൽ പാട്ടത്തിനനുവദിക്കുന്നതിനായി 16.8.2018 ൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ഐരവൺ വില്ലേജ് പഞ്ചായത്ത് പരിധിയിലായതിനാൽ 1964 ലെ കേരള ഭൂമി പതിച്ച നൽകൽ ചട്ടങ്ങൾ Appendix IV (Rule 11(8), 16 (1) പ്രകാരം അപേക്ഷ സമർപ്പിക്ക ണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പ്രകാരം തയ്യാറാക്കിയ അപേക്ഷയുടെ 3 – പ്രതികൾ തുടർ നടപടികൾക്കായി കോന്നി തഹസീൽദാർക്ക് നൽകിയിട്ടുണ്ട്. |

Manoj M

സെക്ഷൻ ഓഫീസർ.